# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 993 — 30.06.2015 ലെ മറുപടിക്ക്

### ടേക്ക് എ ബ്രേക്ക് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം എവിടെയെല്ലാം വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ഈ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖത്ത് ഒരു 'ടേക്ക് എ ബ്രേക്ക്' യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടമെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കാസർഗോഡ്, എന്നീ ജില്ലകളിൽ ഓരോ യൂണിറ്റ് വീതവും, മലപ്പുറം ജില്ലയിൽ രണ്ട് യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഈ വിശ്രമകേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിയുള്ളവർക്കും വേണ്ടി അന്തർ ദേശീയ നിലവാരമുള്ള ടോയ്‌ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ATM, ഫീഡിംഗ് റൂം മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. |
| സി) | ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | പ്രധാനപ്പെട്ട പാതയോരങ്ങളിൽ ഏകദേശം 50 കിലോമീറ്ററിനുള്ളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള വഴിയോരങ്ങളിലും സർക്കാരിന്റേയോ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയോ ഭൂമിയിലാണ് പ്രധാനമായും ടേക്ക് എ ബ്രേക്ക് യൂണിറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി) | താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ ഭാഗമായി ഇത്തരത്തിലുള്ള വിശ്രമകേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ഡി) | പരിശോധിക്കുന്നതാണ്. |

Anuradha

സെക്ഷൻ ഓഫീസർ